ഉത്തരം

(എ) ഉണ്ട്.

(ബി) ബാലുശ്ശേരി പഞ്ചായത്ത് ജെ.ബി.ഐ.സി. സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. പനങ്ങാട് പഞ്ചായത്ത് ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. എന്നാൽ പദ്ധതിക്കാവശ്യമായ ട്രാൻസ്മിഷൻ മെയിൻ പനങ്ങാട് പഞ്ചായത്തിൽകൂടി കടന്നുപോകുന്നുണ്ട്. കോഴിക്കോട് പദ്ധതിയുടെ സർവ്വേയും ഡിസൈനുകളും തയ്യാറാക്കി വിവിധ പണികൾക്കുവേണ്ടിയുള്ള ടെണ്ടറുകൾ ക്ഷണിച്ചുതുടങ്ങിയിട്ടുണ്ട്.

വാണിയംകുളം കുടിവെള്ള പദ്ധതി

78 [1015] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി നിർമ്മിക്കുന്ന വാണിയംകുളം കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടം വരെ എത്തി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി എന്ന് കമ്മീഷൻ ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള ഷൊർണ്ണൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഉറവിടമാണ് വാണിയംകുളം കുടിവെള്ള പദ്ധതിയുടെയും ഉറവിടം. ഇത് പൂർത്തീകരിച്ചിട്ടുണ്ട്. ഭൂഗർഭ സംഭരണി, ഭൂതലസംഭരണി, മോട്ടോർ പമ്പ്സെറ്റ് സമാപിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷനുവേണ്ടി 4.08 ലക്ഷം രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 4 കി. മീ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ ടെണ്ടർ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖലയുടെ 7 കി. മീ. പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 14 കി.മീറ്ററിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി 2005 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly.